**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **06-12-2022 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് സ്പിന്നിംഗ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് സ്പിന്നിംഗ് മില്ലിലെ ക്ലറിക്കൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും കരാർ ദീർഘിപ്പിച്ച് നൽകുന്നതിൽ വന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | എടരിക്കോട് ടെക്സ്റ്റൈൽസിൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടേയും മില്ലിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ ദീർഘകാല കരാറുകൾ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ മില്ലിലെ തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ച് മുതൽ നടപ്പിലാക്കിയിരുന്നു. മിൽ മാനേജ്മെന്റും യൂണിയനുകളും തമ്മിൽ വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകളുടെ ഫലമായി വർക്ക് അസൈൻമെന്റ്, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച് ധാരണയിൽ എത്തിയ ശേഷമാണ് തൊഴിലാളികളുടെ ദീർഘകാല കരാർ നടപ്പിലാക്കിയത്.<br><br>എന്നാൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത കരാർ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. പുതുക്കിയ സേവന വേതന വ്യവസ്ഥകളുടെ പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച ശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആയത് നടപ്പിലാകുന്നതോടെ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടെ ശമ്പളത്തിൽ വന്ന അപാകത പരിഹരിക്കാൻ സാധിക്കുന്നതാണ് |
| (ബി) | പ്രശ്ന പരിഹാരത്തിനായി വകുപ്പ് മന്ത്രിക്കും സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടർക്കും സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | എടരിക്കോട് ടെക്സ്റ്റൈൽസിൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടേയും മില്ലിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ ദീർഘകാല കരാറുകൾ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ മില്ലിലെ |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ച് മുതൽ നടപ്പിലാക്കിയിരുന്നു. മിൽ മാനേജ്മെന്റും യൂണിയനുകളും തമ്മിൽ വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകളുടെ ഫലമായി വർക്ക് അസൈൻമെന്റ്, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച് ധാരണയിൽ എത്തിയ ശേഷമാണ് തൊഴിലാളികളുടെ ദീർഘകാല കരാർ നടപ്പിലാക്കിയത്.<br><br>എന്നാൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത കരാർ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. പുതുക്കിയ സേവന വേതന വ്യവസ്ഥകളുടെ പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച ശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആയത് നടപ്പിലാകുന്നതോടെ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടെ ശമ്പളത്തിൽ വന്ന അപാകത പരിഹരിക്കാൻ സാധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ